## പതിനാലാം കേരള നിയമസഭ
## 4-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 736** — **28.02.2017 -ൽ മറുപടിയ്ക്ക്**

### കക്കയം തോണിക്കടവ് ടൂറിസം പദ്ധതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ബാലുശ്ശേരി മണ്ഡലത്തിലെ കക്കയം തോണിക്കടവ് ടൂറിസം പദ്ധതി പൂർത്തിയാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ; | (എ) വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ തടസ്സങ്ങളൊന്നുമില്ല. വനം വകുപ്പിന്റെ അനുമതി ആവശ്യമായതിനാലാണ് ഇതുവരെയും പദ്ധതി നടപ്പിൽ വരുത്താൻ വൈകിയത്. ആയത് ഇപ്പോൾ ലഭിച്ചതിനാൽ തുടർന്നുള്ള പ്രവൃത്തി ആരംഭിക്കുമെന്ന് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടുണ്ട്. |
| (ബി) ഈ പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും ഇനി ഏതൊക്കെ പ്രവൃത്തി പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും അറിയിക്കാമോ? | (ബി) 2014 സെപ്റ്റംബറിലാണ് പ്രവർത്തി ആരംഭിച്ചത് . ഷോപ്പ് കഫറ്റേരിയ, വാച്ച് ടവർ ,വാട്ടർ ടാങ്ക്, വാക്ക് വേ എന്നിവയുടെ നിർമ്മാണ പ്രവൃത്തി ബാക്കിയുണ്ട്. ടിക്കറ്റ് കൗണ്ടർ, സെക്യൂരിറ്റി ക്യാബിൻ, ടോയ് ലറ്റ് ബ്ലോക്ക് എന്നിവ പൂർത്തിയായി. |

സെക്ഷൻ ഓഫീസർ